**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ, കൃഷിഡയറക്ടറേറ്റ്,തിരുവനന്തപുരം**

(ഹാജർ.എ.എം. സുനിൽകുമാർ)

വിഷയം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം - മെക്കാനിക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം- 1) 8.1.1993-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ(എം.എസ്) നം.5/93/എഡി

2) 3.11.2007-ലെ എസ്.എച്ച്(1) 59448/05 നമ്പർ ഉത്തരവ്

3) തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 8.9.2017-ലെഇ(2) 4847/17 നമ്പർ കത്ത്

**ഉത്തരവ് എസ്.എച്ച് (1)40737/17, തീയതി, 27.11.2017**

ശ്രീ.റ്റി. പ്രേംകുമാർ (ഫിറ്റർ), ശ്രീ.കെ.റ്റി. രാമചന്ദ്രൻ (ഫിറ്റർ) ശ്രീ.റ്റി.കെ.ബിജു(കാർപെന്റർ), ശ്രീ.എം.ആർ.സതീഷ് (വർക്ക്ഷോപ്പ് അറ്റന്റർ) എന്നിവർക്ക് പരാമർശം (2) പ്രകാരം മെക്കാനിക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിരുന്നു. എന്നാൽ ടി ഉത്തരവിൽ ഉദ്യോഗക്കയറ്റം എന്നതിന് പകരം തസ്തികമാറ്റം എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു എന്ന് തൃശ്ശൂർ ജില്ലയിൽ മെക്കാനിക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.എം.ആർ. സതീഷ് പരാമർശം (3) പ്രകാരം പരാതിപ്പെട്ടിരിക്കുന്നു.

കൃഷിവകുപ്പിലെ ബ്ലാക്ക്സ്മിത്ത്, ബോറർ, ഫിറ്റർ, കാർപെന്റർ, വർക്ക്ഷോപ്പ് അറ്റന്റർ എന്നീ തസ്തികയിലുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം മുഖേനയാണ് മെക്കാനിക്ക് തസ്തികയിൽ നിയമനം നൽകേണ്ടത് എന്ന് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ മേൽപ്പറഞ്ഞ ഉദ്യോസ്ഥർക്ക് തസ്തികമാറ്റം മുഖേന മെക്കാനിക്കായി നിയമിച്ചിരിക്കുന്നു എന്നത് തിരുത്തി ഉദ്യോഗക്കയറ്റം മുഖേന മെക്കാനിക്ക് ആയി നിയമിക്കുന്നു എന്ന് ഭേദഗതി ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ (മേലധികാരി മുഖേന)

JR. SUPERINTENDENT
Directorate of Agriculture Development and Farmers Welfare Department
Vikas Bhavan, Tvm-33

പകർപ്പ് - 1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട്, പത്തനംതിട്ട, കോഴിക്കോട്, തൃശ്ശൂർ

2) സേവനപുസ്തകം (ബന്ധപ്പെട്ട ജീവനക്കാരുടേത്)

3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4) ശേഖരണ ഫയൽ 2017/അധികം

ഇആർ /21/11/17